**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2966** **28-02-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ ദുരുപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ തുടർന്ന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; | (എ) | കുടിവെള്ളത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും പ്രസ്തുത വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് ഉടനടി നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുക / പിഴ ചുമത്തൽ / കണക്ഷൻ നോൺ ഡൊമസ്റ്റിക് ക്യാറ്റഗറിയിലേക്കു മാറ്റുക മുതലായ നടപടികൾ എടുത്ത് ഇത്തരം പ്രവൃത്തികൾക്ക് തടയിടാറുണ്ട്. |
| (ബി) | വാഹനം കഴുകുന്നതടക്കമുള്ള കുടിവെള്ള ദുരുപയോഗം കണ്ടെത്താനുള്ള സ്ക്വാഡ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നിവ മുഖേന വിതരണ ലൈനുകളിലെ ശുദ്ധജല ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കുടിവെള്ള ദുരുപയോഗം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകുന്ന വിധത്തിൽ ടോൾ ഫ്രീ കംപ്ലയിന്റ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്താമോ? | (സി) | കുടിവെള്ളവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും അറിയിക്കുന്നതിനായി 1916 എന്ന ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ